മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മൂലധനം ചിലവാക്കിയിട്ടുള്ളതിനു് പ്രത്യേക കണക്കുവെച്ചിട്ടില്ല. (കെട്ടിടങ്ങൾ പണിയിക്കുന്നതിനും മറ്റും ഉള്ള ചിലവു് എഞ്ചനീയർ ഡിപ്പാർട്ട്മെണ്ടിൽനിന്നാണു് വഹിക്കാറുള്ളതു്).

(ബി) കഴിഞ്ഞ അഞ്ചുകൊല്ലത്തെ ചിലവു താഴെ ചേർക്കുന്നു.—

൧൯൪൫—ക. ൨൩,൪൨൩—	൨—൯
൧൯൪൬—ക. ൨൪൮,൫൨൬—	൧൯—൨
൧൯൪൭—ക. ൨൩൫,൩൯൫—	൧൪—൯
൧൯൪൮—ക. ൨൬,൩൯൫—	൦—൦
൧൯൪൯—ക. ൩൫,൧൦൨—	൫—൦

(സി) ഉവ്വു്.

HILL PADDY OPERATIONS—PARTICULARS OF

൨൬൦. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ.—

(എ) ഗവൺമെണ്ടിൽനിന്നും നടത്തിയ ഹിൽപാഡി കൃഷിക്കു് ആകെ എത്ര ചിലവായി;

(ബി) അതിൽ ആകെ വരവെത്ര;

(സി) നഷ്ടമെങ്കിൽ അതെത്ര;

(ഡി) നഷ്ടത്തിനുള്ള കാരണമെന്തു്?

മിസ്റ്റർ. പറമ്പി ലോനപ്പൻ:

(എ) ആകെ ചിലവു് ക. ൧൦,൧൧,൦൩൦—൧൨— ൦. ഇതിൽ വലുതായ ഒരു ഭാഗം കാടുവെട്ടി തടിയും വിറകും നീക്കം ചെയ്യുന്നതിനാണു് ചിലവുചെയ്തിട്ടുള്ളതു്.

(ബി) ആകെ വരവു് ക. ൩,൦൯,൩൦൬—൧൩—൨.

(സി) ആകെ ക. ൬,൦൧,൬൪൨—൧൪— ൧൦ നഷ്ടമുണ്ടു്.

(ഡി) ആകെ ചിലവിട്ട സംഖ്യയിൽ ഒരു വലിയ ഭാഗവും കാടുവെട്ടി തടിയും വിറകും നീക്കംചെയ്യുന്നതിലേക്കാണു് ചിലവിട്ടിട്ടുള്ളതു്. ഈ കൃഷി ഒരു ദീർഘകാലപദ്ധതിയായിട്ടാണു് രൂപീകരിച്ചതെങ്കിലും ഒരു കൊല്ലം മാത്രമേ നടത്തിയുള്ളൂ. ആദ്യത്തെ നെൽകൃഷിക്കു് പ്രതികൂലമായ കാലാവസ്ഥനിമിത്തം വളരെ ദുഷ്യം സംഭവിച്ചു. കൊള്ളിക്കിഴങ്ങിന്റെ വിലയിൽ ഗണ്യമായ കുറവുവന്നതാണു് മറ്റൊരു കാരണം. കൃഷി തുടങ്ങിയപ്പോൾ ചിലവെത്രയെന്നുവന്നാലും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കണമെന്നായിരുന്നു ഉദ്ദേശം. പക്ഷെ ഉദ്ദേശിച്ച ഫലം സിദ്ധിക്കാഞ്ഞതുകൊണ്ടു് കൃഷി നിർത്തേണ്ടിവന്നു. അതുനിമിത്തം നഷ്ടം നേരിട്ടു.

DEPRESSED CLASS CO-OPERATIVE SOCIETIES—PARTICULARS OF

൨൬൧. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) സ്റ്റെയിറ്റിൽ ആകെ എത്ര അധഃകൃത പരസ്പരസഹായ സംഘങ്ങളാണു് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്;

(ബി) ഇവയിൽ നാണയ സംഘങ്ങൾ എത്ര; നാണയേതര സംഘങ്ങൾ എത്ര;

(സി) ഇപ്പോഴുള്ള നാണയേതര സംഘങ്ങളിൽ കാർഷിക സംഘങ്ങൾ എത്ര; വ്യവസായിക സംഘങ്ങൾ എത്ര;

(ഡി) കാർഷികാസംഘങ്ങൾക്കും വ്യവസായിക സംഘങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സൌജന്യമായോ, കടം വാസ്തുകളിന്മേലോ എത്ര സംഖ്യ വീതമാണു് ൧൯൪൯-ലും ൧൯൫൦-ലും ഗവൺമെണ്ടിൽനിന്നും ധനസഹായം നൽകിയിട്ടുള്ളതു്;

(ഇ) ഇപ്പോഴുള്ള അധഃകൃതരുടെ നാണയേതര സംഘങ്ങൾ ഏതെല്ലാം സ്ഥലങ്ങളിലാണു് നിവർത്തിക്കുന്നതു്;

(എഫ്) അധഃകൃതരുടെ നാണയ പരസ്പരസഹായ സംഘങ്ങൾ മിക്കതും അധോഗതി പ്രാപിച്ചു പോകയാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അങ്ങിനെയാണെങ്കിൽ, അവകൾ പുനരുദ്ധരിക്കപ്പെടുന്നതിനു് സ്വീകരിപരമായ എന്തെങ്കിലും പദ്ധതി ഗവണ്മെണ്ടു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉ ണ്ടു.

(ബി) നാണയസംഘങ്ങൾ ഉ ൾ.
നാണയേതരസംഘങ്ങൾ ഉ.

(സി) കാർഷിക സംഘങ്ങൾ ഇല്ല.
വ്യവസായസംഘം ഉ.

(ഡി) ഇല്ല.

(ഇ) ഉ. കൊടുങ്ങല്ലൂർ (ലോകമലേശ്വരം വേട്ടുവട്ട പരസ്പരസഹായ സംഘം.)
ഉ. പുറനാട്ടുകര (ശ്രീരാമകൃഷ്ണ ഇരുകുല വിദ്യാമന്ദിരം പരസ്പരസഹായ സ്റ്റോർ)

(എഫ്) പ്രവർത്തനം തൃപ്തികരമല്ലെന്നറിയാം.

(ജി) ആലോചിച്ചു വരുന്നുണ്ടു്.

DELAY IN THE SUPPLY OF BOOK, ETC., TO THE DEPRESSED CLASS COLLEGE STUDENTS

ഉ വ ഉ. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ കൊല്ലം മഹാരാജാസു് കോളേജിൽ പഠിച്ചിരുന്ന അധഃകൃതവിദ്യാർത്ഥികൾക്കു പുസ്തകം മുതലായവ ആരാണു് കൊടുത്തുതീർത്തതു്;

(ബി) മദ്ധ്യവേനൽ മുടക്കു കഴിഞ്ഞു് കോളേജു് തുറന്നാൽ കോളേജ്ക്ലാസ്സുകളിൽ ശരിക്കു് അദ്ധ്യയനം എത്ര ദിവസം കഴിഞ്ഞു് ആരംഭിക്കും;

(സി) ഇക്കൊല്ലം കോളേജിൽ പഠിക്കുന്ന അധഃകൃതവിദ്യാർത്ഥികൾക്കു് പുസ്തകം മുതലായവ കൊടുത്തുകഴിഞ്ഞുവോ;

(ഡി) ഇല്ലെങ്കിൽ, താമസത്തിനുള്ള പ്രത്യേക കാരണമെന്തു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മഹാരാജാസു് കോളേജു് കോ-ഓപ്പറേറ്റീവു് സൊസൈറ്റി വഴി ടി കോളേജു് പ്രിൻസിപ്പാൾ.

(ബി) തുറന്ന ദിവസംമുതൽ ആരംഭിക്കും.

(സി) മുഴുവനും കൊടുത്തുകഴിഞ്ഞിട്ടില്ല.

(ഡി) കുട്ടികളുടെ ശരിയായ ലിസ്റ്റു് കിട്ടുന്നതിനു കുറച്ചു താമസിച്ചു. എങ്കിലും അതിനു മുമ്പുതന്നെ പുസ്തകം മുതലായവ വാങ്ങുന്നതിനുള്ള പണം പ്രിൻസിപ്പാൾ അവർകൾക്കു അയച്ചുകൊടുത്തു. കോളേജിൽനിന്നു പുസ്തകം മറ്റും കൊടുത്തുവരുന്നുണ്ടു്.

GRIEVANCES OF THE INHABITANTS OF NARAKKAL

283. Mr. M. I. Paul *(Narakkal)*: Will Government be pleased to answer the following.—

(*a*) whether the Government are aware that a memorial was presented to the Diwan of Cochin on his first visit to Narakkal on 1st February 1944;

(*b*) if so, whether any of grievances mentioned in memorial has been redressed and what are they, if any?

Mr. C. J. Mathew *(Joint Secretary to Government)*:

(*a*) Yes.

(*b*) All the grievances have received the attention of the Government. *local dispensary*—A post of a lady Sub-Assistant Surgeon is to be created in the Narakkal dispensary. Provision for this has been made in the budget of 1121.

Educational facilities—Local Schools.—The Director of Public Instruction has been ordered to make improved educational facilities for the school.

Dumping of Ceylon Copra.—The question is to be discussed at the next meeting of the Indian Cocoanut Committee.

LIBRARY ARCHIVES Kerala Legislative Assembly